# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 15

ഒക്ടോബർ 19 ബുധൻ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ; ഡിജിറ്റൽ റീ സർവേക്ക് തുടക്കമായി

**ജിഷ്ണ ബാലകൃഷ്ണൻ എം**



*കരിക്കോട്ടക്കരി നിവാസികളെ ബോധവത്കരിക്കുന്ന സർവേ ഭൂരേഖ വകുപ്പ് ഹെഡ് സർവേയർ കെ പി ഗീത*

അയ്യൻകുന്ന് പഞ്ചായത്തിലെ കരിക്കോട്ടക്കരി വില്ലേജ് പരിധിയിൽ വരുന്ന ഏഴു വാർഡുകളിലായി ഡിജിറ്റൽ റീ സർവേക്ക് തുടക്കമായി. സംസ്ഥാനത്തെ എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവേ ആരംഭിച്ച് നാലുവർഷത്തിനകം പൂർത്തീകരിക്കുന്നതിനായി ഓരോ പഞ്ചായത്തിന്റെയും സഹകരണത്തോടെ സംസ്ഥാന റവന്യു വകുപ്പാണ് പദ്ധതിക്ക് നേതൃത്വം നൽകുന്നത്. പദ്ധതിയുടെ പൂർത്തീകരണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ഗ്രാമസഭ മാതൃകയിൽ സർവേ സഭകൾ രൂപീകരിച്ച് റവന്യൂ - തദ്ദേശ സ്വയംഭരണ മേൽനോട്ടത്തിലാണ് ഡിജിറ്റൽ റീ സർവേ നടത്തുന്നത്. സർവേ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾ സംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഒരു ഏകജാലക സംവിധാനത്തിലൂടെ എല്ലാ സേവനങ്ങളും വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ജനങ്ങളിലേക്ക് എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

എൻറെ ഭൂമി എന്ന പോർട്ടൽ വഴിയാണ് പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഡിജിറ്റൽ റീ സർവേ പൂർത്തിയാക്കുന്നതോടുകൂടി ഭൂമി വാങ്ങുന്നതും വിൽക്കുന്നതും സംബന്ധിച്ചുള്ള രജിസ്ട്രേഷൻ നടപടികൾ ചെയ്യുന്നതിനാവശ്യമായ എല്ലാ കാര്യങ്ങളും ഈ പോർട്ടലിനു കീഴിൽകൊണ്ടുവരാൻ സാധിക്കും. 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാസേവനങ്ങളും സ്മാർട്ട്' എന്ന ആശയത്തിലൂന്നി കേന്ദ്രസർക്കാറിന്റെ സ്വമിത്വ പദ്ധതിയിലും സംസ്ഥാന സർക്കാരിന്റെ റീബിൽഡ് കേരള പദ്ധതിയിലും ഉൾപ്പെടുത്തിക്കൊണ്ടാണ് സർവേ പൂർത്തീകരിക്കുന്നത്.

'സർവേയുടെ ആദ്യഘട്ടത്തിൽ 200 വില്ലേജുകൾ ആണ് റീ സർവേ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. കരിക്കോട്ടക്കരിയുൾപ്പടെ കണ്ണൂർ ജില്ലയിലെ 14 വില്ലേജുകളിലും ആദ്യഘട്ടത്തിൽതന്നെ സർവേ നടത്തപ്പെടും. ഇതിന്റെ ഭാഗമായി വില്ലേജുകളിൽ ഡിജിറ്റൽ സർവേ നടപടികൾ വിശദീകരിക്കുന്നതിനും ഭൂവുടമസ്ഥരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും ആണ് സർവേ സഭ നടത്തുന്നത്. കരിക്കോട്ടക്കരി വില്ലേജ് പരിധിയിലെ എടപ്പുഴ, കൂമൻതോട്, കരിക്കോട്ടക്കരി, വലിയപറമ്പുംകരി, കമ്പനിനിരത്ത്, മുണ്ടയാംപറമ്പ് എന്നീ വാർഡുകളിൽ വിവിധയിടങ്ങളിലായി ഒക്ടോബർ 17 തിങ്കളാഴ്ച മുതൽ 30 ഞായറാഴ്ചവരെയാണ് സർവേ സഭ നടത്തപ്പെടുന്നത്. ഇത്തരം സർവേ സഭകൾ ഡിജിറ്റൽ റീ സർവേ കാര്യക്ഷമമായി നടത്താൻ സഹായിക്കും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

'ഇതിനോടകം 1666 വില്ലേജുകളിൽ 91 വില്ലേജുകളിലാണ് സർവേ പൂർത്തീകരിച്ചിട്ടുള്ളത്. ഇതിൽ കേവലം 89 വില്ലേജുകൾ മാത്രമാണ് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഡിജിറ്റലായി പൂർത്തീകരിച്ചിരിക്കുന്നത്. ബാക്കിയുള്ള വില്ലേജുകളിലെ 27 വില്ലേജുകളിൽ ഡിജിറ്റൽ റീ സർവേ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. സംസ്ഥാന സർക്കാരിന്റെ തീരുമാന പ്രകാരം അതിനൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് വരുന്ന നാല് വർഷം കൊണ്ട് 550 വില്ലേജുകളിൽ ഡിജിറ്റൽ റീ സർവേ ചെയ്ത് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്'. സർവേ ഭൂരേഖ വകുപ്പ് ഹെഡ് സർവേയർ കെ പി ഗീത പറഞ്ഞു.

'ഡിജിറ്റൽ റീ സർവേയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പൊതുജന പങ്കാളിത്തം ആവശ്യമാണ്. പൊതുജനങ്ങൾക്ക് ഡിജിറ്റൽ റീ സർവേ സംബന്ധിച്ച് കൃത്യമായ അവബോധം നൽകാൻ സർവേ സഭയ്ക്ക് സാധിക്കുന്നു'. കരിക്കോട്ടക്കരി വാർഡ് മെമ്പർ ബീന തോമസ് പറഞ്ഞു

# മദ്യം പിടികൂടി

**സെബിമോൾ കെ വർഗീസ്**

ആനപ്പന്തി : ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി നടന്ന പരിശോധനയിൽ നിയമ വിരുദ്ധമായി അളവിൽക്കൂടുതൽ ഇന്ത്യൻ നിർമിത വിദേശ മദ്യം കൈവശം വച്ചത് പിടികൂടി. ആനപന്തി സ്വദേശി വെള്ളിക്കാവുങ്കൽ ദേവസ്യയെയാണ് പതിനാലു മദ്യക്കുപ്പികളുമായി കഴിഞ്ഞ ദിവസം കരിക്കോട്ടക്കരി പോലീസ് അറസ്റ്റു ചെയ്തു എക്സൈസിനു കൈമാറിയത്. കേരള പോലീസ് ആരംഭിച്ചിരിക്കുന്ന ലഹരി വിരുദ്ധ പദ്ധതി യോദ്ധാവിന്റെ ഭാഗമായി നടന്ന പരിശോധനയിലാണ് മദ്യം കണ്ടെത്തിയത്.

വർധിച്ചു വരുന്ന ലഹരിയുടെ ഉപയോഗവും വ്യാപനവും തടയുക എന്ന ഉദ്ദേശത്തോടെ കേരള പോലിസ് രൂപികരിച്ച പദ്ധതിയാണ് യോദ്ധാവ്. ഇതിന്റെ ഭാഗമായി കരിക്കോട്ടക്കരി പോലീസ് സ്റ്റേഷന്റെ പരിധിയിൽ ഉള്ള സ്കൂളുകൾ, കോളേജുകൾ, വ്യാപാര സ്ഥാപനങ്ങൾ, ഓട്ടോ തൊഴിലാളികൾ, അന്യസംസ്ഥാന തൊഴിലാളികൾ തുടങ്ങി എല്ലാ മേഖലകളിലെയും ആളുകൾക്ക് എല്ലാ ദിവസവും പോലീസും മറ്റു സന്നദ്ധ സംഘടനകളും നേരിട്ടും അല്ലാതെയും ബോധവത്ക്കരണം നൽകുന്നുണ്ട്.

ലഹരി വിരുദ്ധ ക്യാംപെയിനുകളുടെ ഭാഗമായി ഈ മാസം അവസാനം ലീഗൽ അതോരിറ്റിയും കരിക്കോട്ടക്കരി പോലീസും സംയുക്തമായിച്ചേർന്ന് അന്യസംസ്ഥാന തൊഴിലാളികൾക്കായി ലഹരി വിരുദ്ധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. തലശ്ശേരി ലീഗൽ അതോറിറ്റി സബ് ജഡ്ജി ക്ലാസുകൾ നയിക്കും. കരിക്കോട്ടക്കരി സർക്കിൾ ഇൻസ്പെക്ടർ പി. ബി സജീവ് പറഞ്ഞു.

# നെറ്റ്ബോൾ ചാമ്പ്യൻഷിപ്പ് നേടി അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂൾ

**ആര്യ പ്രസന്നകുമാർ**

അങ്ങാടിക്കടവ്: ജില്ലാതല നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ വിജയം നേടി അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂൾ. ഒക്ടോബർ 12 ബുധനാഴ്ച കണ്ണൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന സീനിയർ ആൺ - പെൺ വിഭാഗം മത്സരങ്ങളിലാണ് സ്കൂൾ ടീം വിജയികളായത്. ഒക്ടോബർ 22 ന് നടക്കാനിരിക്കുന്ന സംസ്ഥാന തല നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ വിജയികൾക്ക് പങ്കെടുക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. സെപ്തംബർ 14ന് അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് സ്കൂളിൽ വച്ച് നടന്ന ഉപജില്ലാതല മത്സരത്തിൽ വിജയികളായവരാണ് ജില്ലാതലത്തിൽ മത്സരിച്ചത്.അങ്ങാടിക്കടവ് സോക്കർ അക്കാദമിയിലെ പരിശീലകൻ ഷിജു സെബാസ്റ്റ്യന്റെ നേതൃത്വത്തിലാണ് അവധി ദിവസങ്ങളിൽ രാവിലെ 6.30 മുതൽ 9 മണിവരെ വിദ്യാർഥികൾക്ക് പരിശീലനം നൽകി അവരെ മത്സരത്തിനു തയ്യാറാക്കിയത്. അങ്ങാടിക്കടവ് സെക്രട്ട് ഹാർട്ട് സ്കൂളിലെ കായിക അധ്യാപകൻ കെ ജെ ജോൺസൺ പറഞ്ഞു.





**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കുക – 9496 698 531**

## എഡിറ്റോറിയൽ

# ലഹരി വിരുദ്ധ പോരാട്ടം; ആവശ്യകത

പുത്തൻ ആശയങ്ങളും പുതിയ രീതികളും ശ്രദ്ധേയമാകുന്ന കാലഘട്ടത്തിൽ സമൂഹം നേരിടുന്ന ഏറ്റവും വലയ വെല്ലുവിളിയാണ് 'ലഹരി' എന്ന മഹാ വിപത്ത്. വിദ്യാഭ്യാസ രീതികളും സാങ്കേതിക വിദ്യകളും ഇത്രയേറെ പുരോഗമിച്ചിട്ടും ശരിയും തെറ്റും ഏതാണ് എന്ന് തിരിച്ചറിയാൻ പറ്റാത്ത ഒരു തലമുറയാണിന്ന്. മദ്യവും മയക്കുമരുന്നും ഏതു സാഹചര്യത്തിലും ലഭ്യമാകുന്ന അവസ്ഥ വളർന്നു വരുന്ന തലമുറയുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാവുന്നു.

ലഹരിക്ക് അടിമപ്പെട്ട് തിരിച്ചറിവുകൾ നഷ്ടമായവർ. സ്വന്തം അച്ഛനേയും അമ്മയേയും പോലും തിരിച്ചറിയാൻ കഴിയാതെ ആക്രമിക്കുകയും പല കുറ്റകൃത്യങ്ങൾ ചെയ്തും ജീവിതം ഇരുട്ടിലാക്കുന്നവർ. കഴിവുറ്റ പല തലച്ചോറുകളും ചുറ്റിനുമുണ്ട്. ഭാവിയുടെ വാഗ്ദാനമായിത്തീരേണ്ട അവർ പക്ഷേ ലഹരിയുടെ അടിമകളായിത്തിരുന്നു.

ഇത്തരത്തിൽ സമൂഹം വ്യതിചലിച്ചു പോകുന്നതിന്റെ കാരണമെന്താണ് എന്ന് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആധുനിക കാലഘട്ടത്തിൽ സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനവും അതിന്റെ കാരണങ്ങളിൽ ഒന്നാണ്. മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധങ്ങൾ മൊബൈൽ ഫോണിന്റെ ഇടയിൽ മാത്രമായിച്ചുരുങ്ങി, ആശയ വിനിമയത്തിനു പോലും സമയം കണ്ടെത്താൻ അവർക്കു കഴിയാതെ പോകുന്നു. ഇങ്ങനെ കുട്ടികളുടെ പ്രശ്നങ്ങൾ അറിയാൻ ശ്രമിക്കാതെ അവരെ ശ്രദ്ധിക്കാത്ത മാതാപിതാക്കളും ഒരു തരത്തിൽ കുറ്റക്കാരാണ്. ഉറവിടം കണ്ടെത്തി നശിപ്പിക്കാതെ ഇവിടെ ഒരു പ്രശ്നവും പരിഹരിക്കപ്പെടുന്നില്ല.

ലഹരിക്കടിപ്പെട്ട ഒരു സമൂഹത്തെ മാറ്റിയെടുക്കാനും ലഹരിയുടെ ഉപയോഗം തടയാനും നിരവധി പദ്ധതികൾ നമ്മുടെ ഭരണാധികാരികളും പോലീസുകാരും തയ്യാറാക്കിയിട്ടുണ്ട്. പക്ഷേ വാർത്തകൾ വരുമ്പോൾ മാത്രം ലഹരിക്കെതിരെ പോരാടുന്ന ഒരു പ്രവണതയാണ് കണ്ടുവരുന്നത്. ആ കാഴ്ച്ചപ്പാടാണ് ആദ്യം മാറേണ്ടത്. ലഹരിക്കെതിരെ ഒറ്റക്കെട്ടായി നിന്ന് വേണം പൊരുതാൻ. ഇത്തരത്തിൽ ലഹരിക്കെതിരെയുള്ള പദ്ധതിയാണ് കേരള പോലീസിന്റെ യോദ്ധാവ്. ലഹരിയുടെ ഉപയോഗം തടയുന്നതിനും അതിന്റെ ദൂഷ്യഫലങ്ങൾ സമൂഹത്തിന് പറഞ്ഞുകൊടുക്കുന്നതിനുമുള്ള പദ്ധതി.

ലഹരിയുടെ ഉപയോഗം തടയുന്നതിനായി ഭരണാധികാരികൾ പരിശ്രമിക്കുമ്പോൾ നോക്കുകുത്തികളാകാതെ അത്തരം ശ്രമങ്ങളോടൊപ്പം ഓരോരുത്തരും പോരാടണം. ലഹരി എന്ന മഹാവിപത്ത് നമ്മെ കാർന്നു തിന്നാതിരിക്കാൻ മറ്റുള്ളവർ നടത്തുന്ന പരിശ്രമത്തേക്കാൾ സ്വയമുള്ള തിരിച്ചറിവാണ് വേണ്ടത്. അതിനായി ഓരോരുത്തരും ഒരു യോദ്ധാവായി മാറേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

എഡിറ്റർ

# രാജ്യസേവനത്തിന്റെ 33 വർഷങ്ങൾ...

സെബിമോൾ കെ വർഗീസ്

ഒരോ ഇന്ത്യക്കാരും ഇന്ന് സമാധാനത്തോടെ ഉറങ്ങുന്നു. ആ സമാധാനം, സംരക്ഷിക്കുവാൻ ചില കരങ്ങളുണ്ടെന്ന വിശ്വാസമാണ്; നമ്മുടെ പട്ടാളക്കാർ. സ്വന്തം ജീവനെക്കാൾ രാജ്യത്തെ സ്നേഹിച്ചു സേവനമനുഷ്ഠിക്കുന്നവർ. അവരുടെ ത്യാഗോജ്വലമായ സേവനത്തിനെന്നാൽ പലപ്പോഴും അർഹിച്ച ബഹുമാനം ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അങ്ങാടിക്കടവിലുമുണ്ട് ഇത്തരത്തിൽ രാജ്യത്തെ സ്നേഹിച്ചു സേവനമനുഷ്ഠിച്ച പട്ടാളക്കാർ. അവരിലൊരാളാണ് സ്തുത്യർഹ സേവനത്തിനുശേഷം ജന്മനാട്ടിൽ തിരിച്ചെത്തിയ റിട്ട. മിലിട്ടറി ഓഫീസർ ഹോണറി സുബൈദർ കെ ഒ തങ്കച്ചൻ.

നീണ്ട മുപ്പത്തിമൂന്നു വർഷത്തെ രാജ്യസേവനം, അതിൽ മറക്കാനാകാത്ത അനുഭവങ്ങൾ ഏറെ... 1982–84 ലെ നിർമ്മലഗിരി കോളേജിലെ പി. ഡി. സിക്കാലത്ത് എൻ. സി. സിയോടുള്ള ആകർഷണം. എൻ സിസിയിലെ ചിട്ടവട്ടങ്ങൾ ജീവിതത്തിൽ പകർത്തിയതോടെ ഒരു പട്ടാളക്കാരനാകണമെന്ന ആഗ്രഹം ഉടലെടുത്തു. സംഘടന പ്രവർത്തനങ്ങളും സാക്ഷരത ക്ലാസുകളുമായി നടന്നിരുന്ന കാലയളവിലാണ് കണ്ണൂർ കോട്ട മൈതാനത്ത് ആർമ്മി സെലക്ഷനെക്കുറിച്ച് അറിയുന്നത്.പിന്നെയെല്ലാം പെട്ടന്നായിരുന്നു. 1989 മാർച്ചിൽ സെലക്ഷൻ കിട്ടി. ഏപ്രിൽ പത്താം തീയതി ട്രെയിനിങ്ങ് ആരംഭിച്ചു. ആഗ്രഹിച്ചതു പോലെ ഒരു പട്ടാളക്കാരനായി. 1989 ഏപ്രിൽ മുതൽ 2022 മെയ് വരെ ഇന്ത്യൻ പട്ടാള യൂണിഫോമിൽ സ്തുത്യർഹ സേവനം.

1998 മുതൽ ഡിഫെൻസ് സെക്യൂരിറ്റി കോറിൽ. ആദ്യ പോസ്റ്റിങ്ങ് നാഗാലാന്റിൽ. അവിടുന്ന് അംബാല, ഇറ്റാർസി, കൊച്ചി, വിശാഖപട്ടണം, ബീഹാർ, ഗോവ, ബാംഗ്ലൂർ തുടങ്ങി നിരവധി സ്ഥലങ്ങളിൽ രാജ്യത്തിന്റെ സുരക്ഷയ്ക്കായി സേവനമനുഷ്ഠിക്കാൻ തങ്കച്ചൻ സാറിനു സാധിച്ചിട്ടുണ്ട്. ആ സമയങ്ങളിൽ ഓപ്പറേഷൻ ഭവൻ, ഓപ്പറേഷൻ രക്ഷക് തുടങ്ങി പല ഓപ്പറേഷൻസിന്റെയും ഭാഗമായ ഇദ്ദേഹത്തിനു മികച്ച സേവനങ്ങൾക്ക് ഏഴോളം മെഡലുകൾ ലഭിച്ചിട്ടുണ്ട്.




ആദ്യ സേവനം ശ്രീലങ്കയിലായിരുന്നു. ആഭ്യന്തരകലഹം പരിഹരിക്കാൻ ഇന്ത്യൻ പീസ് കീപ്പിങ്ങ് ഫോഴ്സിന്റെ ഭാഗമായ ആ യാത്രയിൽ മറക്കാനാകാത്ത നിരവധി ഓർമ്മകളുണ്ട്. കരുത്തനായ കേണൽ സഹദേവൻ സർ ആയിരുന്നു ഞങ്ങളുടെ സി ഒ. തിരിച്ച് വരുന്നതുവരെ ഒരു ജവാന്റെ ജീവനുപോലും പോറലേൽക്കാതെ നാട്ടിലെത്തിയത് അദ്ദേഹത്തിന്റെ മനോധൈര്യവും കരുത്തുംകൊണ്ടാണ്. തങ്കച്ചൻ സർ കഥ പറഞ്ഞു തുടങ്ങി.

ശ്രീനഗറിൽ ജോലി ചെയ്തിരുന്ന കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുള്ളത്. അവിടെ ആരാണ് നമ്മുടെ ശത്രുക്കൾ എന്ന് തിരിച്ചറിയാൻ കഴിയില്ല. ചിലപ്പോൾ നമ്മുടെ കൂടെയുള്ളവർ തന്നെയായിരിക്കും അക്രമിക്കാൻ വരുന്നത്. അവിടെ ജോലിചെയ്യുമ്പോൾ എപ്പോഴും ഭീതിയാണ്. ഏതു നിമിഷവും എന്തും സംഭവിക്കാവുന്ന സ്ഥലം. രാവെന്നോ പകലെന്നോ വ്യത്യാസമില്ലാതെ വെയിലും മഴയും തണുപ്പും അറിയാതെ രാജ്യത്തിനുവേണ്ടി കഷ്ടപ്പെടുന്ന നിരവധി ജവാൻമാരുണ്ട്. ശീതകാലത്ത് അതിജീവനം വളരെയേറെ പ്രയാസകരമാണ്. മഞ്ഞു വീഴ്ച്ച ശക്തമാകുമ്പോൾ പ്രതിരോധിച്ച് നിൽക്കുക എന്നത് ഏറെ വെല്ലുവിളി നിറഞ്ഞ ഒരു കാര്യമാണ്. ചിലപ്പോഴൊക്കെ ഭക്ഷണം പോലും പരിമിതമാണ്. ഇതൊക്കെ ഏതു സാഹചര്യത്തിലും ജീവിക്കാൻ നമ്മളെ പ്രാപ്തരാക്കും എന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഒരു പുഞ്ചിരിയോടെ അദ്ദേഹം ഓർത്തെടുത്തു.

ജമ്മു കാശ്മീരിലെ ഭാരമുള്ള സർവീസിനിടയിൽ സഹപ്രവർത്തകനും സുഹൃത്തുമായിരുന്ന അനിൽ കുമാർ എന്ന ജവാൻ കാൺവായ് പ്രൊട്ടക്ഷനു പോകുന്ന സമയത്ത് താമസസ്ഥലത്ത് ഇറങ്ങി കമ്പിളി എടുത്ത് തിരിച്ചു പോയി അരമണിക്കൂർ കഴിഞ്ഞ് അദ്ദേഹത്തിന്റെ മരണ വാർത്തയാണ് കേൾക്കുന്നത്. തീവ്രവാദികൾ വണ്ടിയിലേക്ക് ഗ്രനേഡ് എറിഞ്ഞപ്പോൾ കൂടെയുള്ളവരുടെ ജീവൻ രക്ഷിക്കുന്നതിനായി ഗ്രനേഡ് പുറത്തേക്ക് എറിഞ്ഞു. അത് പൊട്ടിയാണ് അദ്ധേഹം മരിച്ചത്. ആ സംഭവം എന്റെ ജീവിതത്തിലെ മറക്കാൻ കഴിയാത്ത അനുഭവമാണ്. ഓർത്തെടുക്കുമ്പോൾ തങ്കച്ചൻ സാറിന്റെ കണ്ണുകൾ നിറയുന്നു.

രാജ്യ സ്നേഹവും സുരക്ഷയും നെഞ്ചിലേറ്റിയ ഒരു പട്ടാളക്കാരനും പിന്നോട്ട് സഞ്ചരിക്കാൻ കഴിയില്ല. കൃത്യനിഷ്ഠയും സത്യസന്ധതയും നേടിയെടുക്കാൻ സാധിക്കുന്ന അവിടെ സമയത്തിനു ജീവന്റെ വിലയുണ്ട്. ഇന്നത്തെ സമൂഹത്തിൽ ലഹരിക്ക് അടിമപ്പെട്ടുപോയ ഒരു കൂട്ടം യുവത്വത്തെ കാണാം. സ്വന്തം വീട്ടിൽ നിന്നുമാണ് അതിനെതിരെ ബോധവത്കരണം നടത്തേണ്ടത്. എവിടെയാണോ ഉറവിടം അതു കണ്ടെത്തി അവിടെ നിന്നും അതിനെ തുടച്ചു നീക്കണം. ഓരോരുത്തരും സ്വയം തിരിച്ചറിയണം. വളർന്നു വരുന്ന തലമുറയോട് തങ്കച്ചൻ സർ സ്നേഹത്തോടെ ഉപദേശിക്കുന്നു.

2022 മെയ് 31 ന് സർവീസിൽ നിന്നും വിരമിക്കുമ്പോൾ നായിബ് സുബൈദാർ റാങ്കിൽ വിശാഖപട്ടണം എസ് ബി സി ഷിപ്പ് ബിൽഡിംഗിൽ രാജ്യ സേവനം നടത്തിവരികയായിരുന്നു. മുപ്പത്തിമൂന്നു വർഷത്തെ സേവനത്തിന് ശേഷം സർവീസിൽ നിന്നും വിരമിച്ചപ്പോൾ ഹോണററി സുബൈദാർ പദവി നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചു. 1965 മെയ് 20 ന് കാളിയാർതോട്ടത്തിൽ ഔസേപ്പിന്റെയും അന്നമ്മയുടെയും മകനായി ജനിച്ച ഇദ്ദേഹം ഇപ്പോൾ ഇരിട്ടി നിരവത്ത് ജൂബിലി ചിറ്റ്സ് എന്ന കമ്പനിയിൽ ജോലി ചെയ്യുന്നു. ഭാര്യ സെലിൻ. മക്കൾ ഡെറ്റി, ഡെന്നി.

## മൂന്നാംകുറ്റി കോളനി

# നിർമാണം ഇനിയിഴയരുത്; സബ് കളക്ടർ

നയന എം നായർ



**മൂന്നാംകുറ്റി:** നിർമാണം പൂർത്തിയാകാത്ത മൂന്നാംകുറ്റി കോളനി യിലെ വീടുകൾ സബ് കളക്ടർ മിസാൽ സാഗർ ഭാരത് സന്ദർശിച്ചു. ഈ മാസം പന്ത്രണ്ടാം തീയതി ഫീൽഡ് വിസിറ്റിന്റെ ഭാഗമായി കോളനി സന്ദർശിച്ച സബ് കളക്ടർ മുടങ്ങിക്കിടക്കുന്ന നിർമാണം എത്രയും വേഗത്തിൽ പൂർത്തീകരിക്കുവാൻ നിർദ്ദേശിച്ചു. അംബേദ്കർ വികസന സെറ്റിൽമെന്റ് പദ്ധതിയുടെ ഭാഗമായുള്ള നിർമാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ നിർമാണ കരാർ പുതുക്കിയിരുന്നെങ്കിലും പഴയ കോൺട്രാക്ടർ പൂർത്തിയാക്കേണ്ട പല ജോലികളും ബാക്കിയായിരുന്നു. പണിത നാല് വീടുകളുടെയും അറ്റകുറ്റപണികൾ പൂർത്തിയായിട്ടില്ല. അടുക്കള നിർമാണം, ശുചിമുറി നിർമാണം, വയറിങ് തുടങ്ങിയ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത്.

'പഴയ കോൺട്രാക്ടറുടെ കീഴിൽ നടക്കുന്ന പണികളെ പറ്റിയുള്ള വിവരങ്ങൾ തക്കസമയത്ത് വിളിച്ചറിയിക്കുവാൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറോട് നിർദേശിച്ചിട്ടുണ്ട്' സബ് കളക്ടർ മിസാൽ സാഗർ ഭാരത് പറഞ്ഞു. മുടങ്ങിക്കിടന്നിരുന്ന നിർമാണ പ്രവർത്തനങ്ങൾ കളക്ടറുടെ നിർദ്ദേശപ്രകാരം പതിനേഴാം തീയതി, തിങ്കളാഴ്ച പുനരാരംഭിച്ചു. ഒരു മാസത്തിനുള്ളിൽ നിർമാണം പൂർത്തിയാക്കാനാണ് നിർദ്ദേശം. പ്രവർത്തനങ്ങളിൽ താമസം നേരിട്ടാൽ സബ് കളക്ടറെ നേരിട്ട് വിളിച്ചറിയിക്കാൻ ഉള്ള അനുവാദം അദ്ദേഹം കോളനി നിവാസികൾക്ക് നൽകിയിട്ടുണ്ട്' എസ് റ്റി പ്രമോട്ടർ സി സി ശ്രീജയ പറഞ്ഞു.

'പണി പൂർത്തിയാകാത്തതു കൊണ്ട് താമസ യോഗ്യമല്ലാത്ത വീടുകളിലേക്ക് മാറാൻ കോളനിവാസികൾ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. നിർദേശിച്ച സമയത്തിനുള്ളിൽ പണി കഴിഞ്ഞില്ലെങ്കിൽ നിയമ നടപടികളിലേക്ക് കടക്കാനുള്ള അധികാരം ട്രൈബൽ ഡിപ്പാർട്ട്മെന്റിനുണ്ട്.' പതിനഞ്ചാം വാർഡ് മെമ്പർ ഫിലോമിന മാണി പറഞ്ഞു.

ഭവന നിർമാണം കൂടാതെ വീടുകൾക്ക് ചുറ്റുമതിൽ, ഒരു സമൂഹ ശ്മശാനം തുടങ്ങിയ ആവശ്യങ്ങൾ കൂടി കോളനി നിവാസികൾ സബ് കളക്ടറെ അറിയിച്ചു.

# 'യോദ്ധാവ്'; ബോധവത്കരണ ക്ലാസ് നടത്തി

റിം താഹി നാബം




കരിക്കോട്ടക്കരി: യോദ്ധാവ് മിഷന്റെ ഭാഗമായി കരിക്കോട്ടക്കരി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ 2022 ഒക്ടോബർ 7ന് ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് നടന്നു. കരിക്കോട്ടക്കരി പോലീസ് സ്റ്റേഷനിലെ ഓഫീസർമാരായ സന്തോഷ് മാത്യു, എം എം വർഗീസ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു ക്ലാസ്. ലഹരി വസ്തുക്കളുടെ ഉപയോഗവും ദോഷഫലങ്ങളും മനസ്സിലാക്കാൻ വിദ്യാർത്ഥികളെ സഹായിക്കുക എന്നതായിരുന്നു ക്ലാസിന്റെ പ്രധാന ലക്ഷ്യം.

മയക്കുമരുന്നിനെക്കുറിച്ചും അതിന്റെ അപകടങ്ങളെക്കുറിച്ചും സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിലും ബോധവൽക്കരണം നടത്താൻ എല്ലായ്പ്പോഴും പരമാവധി ശ്രമിക്കുന്നുതെന്നും ഇത് വിദ്യാർത്ഥികൾക്ക് ക്ലാസെടുക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ലെന്നും ദൗത്യത്തെക്കുറിച്ച് സംസാരിക്കവെ സി ഐ പി ബി സജീവൻ പറഞ്ഞു.

'വിദ്യാർത്ഥികൾക്ക് മാത്രമല്ല, അവരുടെ രക്ഷിതാക്കൾക്കും ക്ലാസ് വളരെ പ്രയോജനകരമായിരുന്നു" ഹെഡ് മാസ്റ്റർ സണ്ണി കെ. സെബാസ്റ്റ്യൻ പറഞ്ഞു.

ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് കരിക്കോട്ടക്കരി സി ഐ പി. ബി. സജീവൻ ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡൻറ് ബിനോയ് പാമ്പായിക്കൽ അധ്യക്ഷനായ പരിപാടിയിൽ സ്കൂൾ പ്രഥമാധ്യാപകൻ സണ്ണി കെ. സെബാസ്റ്റ്യൻ സ്വാഗതവും ലഹരി വിരുദ്ധ ക്ലബ് ഇൻ ചാർജ് ലതിക ജോൺ നന്ദിയും പറഞ്ഞു.

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: സെബിമോൾ കെ വർഗീസ് | സബ് എഡിറ്റേഴ്സ്: റിം താഹി നാബം, ജിഷ്ണ ബാലകൃഷ്ണൻ എം, ആര്യ പ്രസന്നകുമാർ, നയന എം നായർ | ഫോട്ടോഗ്രാഫേഴ്സ്: നിതിൻ സി ജോസഫ്, അക്ഷയ് തിലകൻ | ഡിസൈനർ: ഐസയ ന്യൂമെ